പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2073

**17.06.2014**- ൽ മറുപടിക്ക്

## സഹകരണ മേഖലയിലെ പുതിയ പദ്ധതികൾ

**ചോദ്യം**

**ശ്രീ. റോഷി അഗസ്റ്റിൻ :**
**ശ്രീ. പി.സി. ജോർജ് :**
**ഡോ. എൻ. ജയരാജ് :**

എ) സഹകരണമേഖലയിൽ നടപ്പാക്കാൻ ലക്ഷ്യമിടുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി)

(എ) സഹകരണ മേഖലയിൽ 2014–15 സാമ്പത്തിക വർഷം ചുവടെ പറയുന്ന പദ്ധതികളാണ് പുതിയതായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

1. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നവർക്ക് പലിശ രഹിത വായ്പ നൽകുന്നതിനായുള്ള സഹായം.
2. കാര്യക്ഷമതയുള്ള പദ്ധതി വിവരണത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ, മറ്റു സംഘങ്ങൾ എന്നിവർക്ക് പദ്ധതി വിവരണങ്ങൾ തയ്യാറാക്കുന്നതിന് ചെലവായ തുകയുടെ പരമാവധി 25 ശതമാനമോ 10,000 രൂപയോ ഏതാണോ കുറവ് അത് പദ്ധതി വിവരണം തയ്യാറാക്കിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിന് മടക്കി നൽകുന്ന പദ്ധതി.
3. കെ.ജി.റ്റി.ഇ. മറ്റ് സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള വിവിധ കോഴ്സുകളിലേയ്ക്ക് എസ്.സി/ എസ്.റ്റി വിഭാഗത്തിലുള്ള യുവതലമുറയ്ക്ക് പരിശീലനങ്ങൾ നൽകുന്നതിനായുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സംഘങ്ങൾക്ക് ധനസഹായം.

4. പുതുതായി പേരു ചേർക്കപ്പെട്ട അംഗങ്ങൾക്കു വേണ്ടി സഹകരണ മേഖലയെക്കുറിച്ച് പൊതുവായും സഹകരണ സംഘം ആക്ട്, ചട്ടം, ബൈലാ, സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ ഉത്തരവാദിത്വം, എന്നിവ സംബന്ധിച്ച വിഷയങ്ങളിന്മേലും നടത്തപ്പെടുന്ന 'മെമ്പർ ഇൻഡക്ഷൻ' പ്രോഗ്രാമിനു നൽകുന്ന സഹായം.

5. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനത്തിനും, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സംഘങ്ങൾ സന്ദർശിക്കുന്നതിനു വേണ്ടി നടത്തുന്ന മികവ് കൈമാറ്റ സമ്പർക്ക പരിപാടിക്കായു മുള്ള സഹായം.

ബി) ഈ മേഖലയിൽ എത്ര തുകയുടെ നിക്ഷേപമാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ;

(ബി) 2014-15 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ ഈ മേഖലയിൽ 12349.03 ലക്ഷം രൂപയുടെ നിക്ഷേപമാണ് ഉദ്ദേശിക്കുന്നത് .

| | | |
|---|---|---|
| 1) സംസ്ഥാന പദ്ധതി | - | 8799.00 ലക്ഷം രൂപ |
| 2) എൻ.സി.ഡി.സി. പദ്ധതി | - | 3500.00 ലക്ഷം രൂപ |
| 3) സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ കടപ്പത്രം വാങ്ങൽ | - | 50.00 ലക്ഷം രൂപ |
| 4) നബാർഡ് പദ്ധതി | - | 0.03 ലക്ഷം രൂപ |
| **ആകെ** | - | **12349.03 ലക്ഷം രൂപ** |

സി) സഹകരണ മേഖലയിലെ പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ വിഭവസമാഹരണം എപ്രകാരമാണ് ലക്ഷ്യമിടുന്നത് ; വ്യക്തമാക്കുമോ ?

(സി) സഹകരണ മേഖലയിലെ പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ വിഭവ സമാഹരണം ബഡ്ജറ്റ് വിഹിതത്തിലൂടെ സ്വരൂപിക്കുവാനാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ